# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5109** **4/7/2012 ൽ മറുപടിക്ക്**

### പോലീസ് സേനയിലെ സ്ഥലംമാറ്റം

ചോദ്യം | മറുപടി

ശ്രീമതി. പി. അയിഷ പോറ്റി: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പോലീസ് സേനയിൽ ആംഡ് പോലീസ് ബറ്റാലിയൻ വഴി നിയമനം ലഭിച്ച ശേഷം ജില്ലാ സായുധ റിസർവ്വിലേക്ക് ട്രാൻസ്ഫർ വാങ്ങുന്ന പോലീസുകാരുടെ സീനിയോറിറ്റി എന്നു മുതലാണ് കണക്കാക്കുന്നത്; | (എ) നിലവിലുള്ള നിയമപ്രകാരം ആംഡ് പോലീസ് ബറ്റാലിയൻ വഴി നിയമനം ലഭിച്ച ശേഷം ജില്ലാ സായുധ് റിസർവ്വിലേക്ക് സ്ഥലംമാറ്റം വാങ്ങുന്ന പോലീസുകാരുടെ സീനിയോറിറ്റി ജില്ലാ സായുധ റിസർവിൽ കണക്കാക്കുന്നത് 17.7.1986 ന് ശേഷം ഇവരെ ബറ്റാലിയനിൽ നിന്നും ജില്ലാ സായുധ റിസർവ്വിലേയ്ക്ക് മാറ്റിക്കൊണ്ട് എ.പി ബറ്റാലിയൻ ഡി.ഐ.ജി പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ തീയതി മുതലാണ്. |
| (ബി) പ്രസ്തുത സീനിയോറിറ്റി അനുവദിച്ച് നൽകുന്നതിന് 1980 മുതലുള്ള മുൻകാല പ്രാബല്യം നൽകി നിലവിലെ സീനിയോറിറ്റി നിർണ്ണയ നിയമം ഭേദഗതി ചെയ്യുന്നതിന് കെ.പി.എസ്.സിയിൽ നിന്നും അനുവാദം വാങ്ങിയിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നും ഡിസ്ട്രിറ്റ് എ.ആറിലേക്ക് നിയമിക്കപ്പെടുന്ന പോലീസ് കോൺസ്റ്റബിളിന്റെ സീനിയോറിറ്റി ആംഡ് പോലീസ് ബറ്റാലിയനിലേക്കുള്ള ആദ്യ നിയമന ഉത്തരവിന്റെ തീയതിയുടെയോ അയാളുടെ നിയമനത്തിനുള്ള പി.എസ്.സി ശുപാർശയുടെയോ അടിസ്ഥാനത്തിൽ നിശ്ചയിക്കണമെന്ന നിർദ്ദേശത്തിൻമേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം തേടുകയും കമ്മിഷൻ പ്രസ്തുത നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ജില്ലാ സായുധ റിസർവ്വിൽ നിയമനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ വാങ്ങി മറ്റൊരു ജില്ലയിലേക്ക് പോയാൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ സീനിയോറിറ്റി എപ്രകാരമാണ് കണക്കാക്കുന്നത്? | (സി) അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങി പോകുന്നവരുടെ സീനിയോറിറ്റി അവർ ഒരു ജില്ലാ സായുധ റിസർവ്വിൽ നിന്നും മറ്റൊരു ജില്ലാ സായുധ റിസർവ്വിൽ പ്രവേശിക്കുന്ന തീയതി മുതൽക്കാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ